**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **23-08-2022 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളുടെ പട്ടിക കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ മരുന്നുകളുടെ പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് DDMS software മുഖാന്തിരം ഓൺലൈനായി 23.11.2021 നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലേയ്ക്ക് ആവശ്യമായി വരുന്ന മരുന്നുകളുടെ പട്ടിക 22.11.2021 നും സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സാധാരണയായി മാർച്ച് മാസത്തിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഏപ്രിലിൽ മരുന്ന് വിതരണം ആരംഭിക്കാറുള്ളതാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് വരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. |
| (സി) | ജൂലൈ മാസത്തിലാണോ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷത്തെ മരുന്നു സംഭരണത്തിനായുള്ള ദർഘാസുകൾ 2021 ഡിസംബർ മാസത്തിലാണ് ആരംഭിച്ചത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണാനുമതി നല്കിയത് 2022 മെയ് മാസത്തിലാണ്. |

സെക്ഷൻ ഓഫീസർ